(ബി) ഈ കേസ്സുകളിലെല്ലാമായി പ്രതികളായിട്ടുള്ളവരുടെ എണ്ണം എത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമക്കേസുകളിലായി 1625 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) ടി രജിസ്റ്റർ ചെയ്ത കേസുകളിലെല്ലാമായി പ്രതിയായിട്ടുള്ളവർ 64,798 പേരാണ്.

പരവൂർ ഫയർ സ്റ്റേഷന് വാഹനം

178 (4513) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫയർ ഫോഴ്സ് നവീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതിയ വാഹനങ്ങൾ വാങ്ങി ഫയർ സ്റ്റേഷനുകൾക്ക് നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ മന്ത്രിതല യോഗത്തിലെ തീരുമാനപ്രകാരം പരവൂർ ഫയർ സ്റ്റേഷന് നൽകാമെന്ന് തീരുമാനമെടുത്ത വാഹനം എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്സിന്റെ നവീകരണത്തിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം വാങ്ങിയ ഷാസികൾ വാട്ടർ ടെണ്ടറുകളായി ഫാബ്രിക്കേറ്റ് ചെയ്യുന്ന ജോലി പുരോഗമിച്ചുവരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം കൂടുതൽ ഫയർ എഞ്ചിനുകൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇപ്രകാരം വാഹനങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പരവൂർ ഫയർ സ്റ്റേഷനും അനുവദിക്കുന്നതാണ്.

ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

179 (4514) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ പ്രധാന പട്ടണമായ ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചോ ;

LIBRARY ARCHIVES.Kerala Legislative Assembly

(സി) ചാരുംമൂട്, താമരക്കുളം, ചുനക്കര, പാലമേൽ, നൂറനാട്, വള്ളിക്കുന്നം പ്രദേശങ്ങളിൽ അത്യാഹിതം സംഭവിച്ചാൽ കായംകുളം, മാവേലിക്കര, അടൂർ സ്റ്റേഷനുകളിൽ നിന്നും ഫയർ ഫോഴ്സ് 15 കി.മീറ്ററിലധികം സഞ്ചരിച്ചാണ് ഇവിടെ എത്തിച്ചേരേണ്ടത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ചാരുംമൂട്ടിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയൽ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുള്ളതാണ്. അടുത്ത 5 വർഷത്തിനുള്ളിൽ ഉടങ്ങാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് മുൻഗണന നൽകി വരുന്നുള്ളൂ. എന്നിരുന്നാലും ചാരുംമൂട് കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിലേക്കായി താമരക്കുളം പഞ്ചായത്ത് വക സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) താമരക്കുളം പഞ്ചായത്തിലെ ചാരുംമൂട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കല്ലട ഇറിഗേഷൻ പ്രോജക്ട് (കെ.ഐ.പി.)-ന്റെ വക സ്ഥലവും കെട്ടിടവും വിട്ടുനൽകുന്നതിന് താമരക്കുളം പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാറ്റലൈറ്റ് ഫയർ & റസ്ക്യൂ സ്റ്റേഷൻ

180 (4515) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാറ്റലൈറ്റ് ഫയർ & റസ്ക്യൂ സ്റ്റേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കുമോ ; എന്തെല്ലാം സേവനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) പ്രസ്തുത സ്റ്റേഷനുകൾ എത്രയെണ്ണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly